# കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളിക്ക് മാനവ സേവ പുരസ്കാരം സമ്മാനിച്ചു

സ്വന്തം ലേഖകൻ

തിരുവനന്തപുരം● ലയൺസ് ക്ലബ് സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളിയെ മാനവ സേവ പുരസ്കാരം നൽകി ആദരിച്ചു.

പ്രസംഗത്തെക്കാൾ പ്രവൃത്തിക്കു പ്രാധാന്യം നൽകുന്ന ആളാണ് കൊച്ചൗസേപ്പ് എന്നു ചടങ്ങ് ഉദ്ഘാടനം ചെയ്ത കെ. മുരളീധരൻ എംഎൽഎ പറഞ്ഞു.

കൊച്ചൗസേപ്പ് നേതൃത്വം നൽകുന്ന കിഡ്നി ഫൗണ്ടേഷൻ ഓഫ് ഇന്ത്യയ്ക്കായി 158 ലയൺസ് ക്ലബ് അംഗങ്ങളുടെ അവയവദാന സമ്മതപത്രം ചടങ്ങിൽ കൊച്ചൗസേപ്പിനു കൈമാറി.

മേയർ കെ. ചന്ദ്രിക ലയൺസ് ക്ലബ് ഭാരവാഹികളായ എസ്. ചന്ദ്രൻ, ആർ. മുരുകൻ, സുരേന്ദ്രൻ, വി.ജെ. രാജീവ്നാഥ്, കെ.പി. വിജയകുമാർ, എൻ.എൻ. മുരളി തുടങ്ങിയവർ പ്രസംഗിച്ചു.




തിരുവനന്തപുരം ലയൺസ് ക്ലബ്ബിന്റെ സുവർണ ജൂബിലി ആഘോഷത്തോടനുബന്ധിച്ചുള്ള മാനവ സേവ പുരസ്കാരദാനചടങ്ങ് തിരുവനന്തപുരത്ത് കെ. മുരളീധരൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. മേയർ കെ. ചന്ദ്രിക, പുരസ്കാര ജേതാവ് കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി, രാജീവ്നാഥ്, പി. സുരേന്ദ്രൻ, എ.കെ. അബ്ബാസ്, ഡോ. എൻ. മുരളി എന്നിവർ സമീപം.